പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം
നമ്പർ - T*149

21.3.2012 ന് മറുപടിയ്ക്ക്

<u>മലയാളത്തിന് ക്ലാസിക്കൽ പദവി</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.ഇ.കെ.വിജയൻ | ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി |

| | |
|---|---|
| (എ)മലയാളത്തിന് ക്ലാസിക്കൽ പദവി നേടിയെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) മലയാളത്തിന് ക്ലാസിക്കൽ പദവി നേടിയെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.മലയാള ഭാഷയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും ശ്രേഷ്ഠ ഭാഷാ പദവി നേടിയെടുക്കുന്നതിന് സർക്കാരിനെ ഉപദേശിക്കുന്നതിനായി 19/2/2009-ലെ സ.ഉ (കൈ) 02/2009/സി.എ.ഡി പ്രകാരം ഒരു ഉപദേശകസമിതി രൂപീകരിക്കുകയും മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കാൻ അർഹതയുണ്ടെന്നതിന്റെ തെളിവുകളും വിശദാംശങ്ങളും അടങ്ങിയ വിദഗ്ധ സമിതി റിപ്പോർട്ട് 15/1/2011-ൽ ബഹു: പ്രധാന മന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ റിപ്പോർട്ട് കേന്ദ്ര സർക്കാർ ഒരു വിദഗ്ധ സമിതിയെക്കൊണ്ട് പരിശോധിച്ച് ശ്രേഷ്ഠ പദവി നൽകുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടതാണ്. 5/7/11-ൽ ഉപദേശകസമിതി പുന:സംഘടിപ്പിച്ചു.<br>മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി നേടിയെടുക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ബഹു: മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13/2/2012-ന് ഉപദേശകസമിതി യോഗം ചേർന്ന് ഇതുവരെ നടന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. ന്യൂഡൽഹിയിൽ നടക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും അതു സംബന്ധിച്ച നിജസ്ഥിതി സംസ്ഥാന സർക്കാരിനെ അറിയിക്കുവാനും അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ.കെ.ജയകുമാറിനെ ചുമതലപ്പെടുത്തുകയും ചെയ്തു. |

| | |
|---|---|
| (ബി)സംസ്ഥാനത്തെ മലയാള മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ബി)ലോകമെമ്പാടുമുള്ള മലയാളികൾക്ക് മാതൃഭാഷാപഠനത്തിന് അവസരം ലഭ്യമാക്കുന്നതിന്നായി കേരള സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് മലയാളം മിഷൻ. ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര(ഔദ്യോഗിക ഭാഷ) വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിൽ ഒരു സ്വയംഭരണ സ്ഥാപനമായാണ് ഇത് പ്രവർത്തിക്കുന്നത്.<br>ഡൽഹി,മുംബൈ,ചെന്നൈ,പോണ്ടിച്ചേരി,കൽപ്പാക്കം എന്നിവിടങ്ങളിൽ മലയാള പഠനം മികച്ച രീതിയിൽ നടന്നുവരുന്നു.മധ്യപ്രദേശിലെ ജബൽപ്പൂർ,ഗുജറാത്തിലെ അഹമ്മദാബാദ്,ബാംഗ്ലൂർ,ഹൈദരാബാദ്,വിദേശ രാജ്യങ്ങളായ ബഹ്റിൻ, യു.എസ്.എ എന്നിവിടങ്ങളിൽ മലയാള പഠനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികളും പുരോഗമിച്ചുവരുന്നു.<br>ഡൽഹി പഠനകേന്ദ്രത്തിലെ അധ്യാപകരുടെ സഹായത്തോടെ മലയാള ഭാഷാപഠനത്തിന്റെ നിലവിലുള്ള അവസ്ഥ ശാസ്ത്രീയമായി വിലയിരുത്തുകയും പഠനരീതി,ഭാഷാപഠനസമീപനം എന്നിവയെക്കുറിച്ചുള്ള ആധുനിക ധാരണകൾക്കനുസൃതമായി പാഠ്യപദ്ധതി രൂപപ്പെടുത്തുകയും ചെയ്തു. 4 കോഴ്സുകളിലായി 10 വർഷം നീണ്ടുനിൽക്കുന്ന പഠനത്തിലൂടെ കേരളത്തിലെ 10-ാം ക്ലാസ്സിന്റെ നിലവാരത്തിനു തുല്യമായ തലത്തിലേക്ക് പ്രവാസി മലയാളി പഠിതാവിന് എത്താൻ കഴിയുന്ന രീതിയിലാണ് പാഠ്യപദ്ധതി ലക്ഷ്യങ്ങൾ നിശ്ചയിച്ചത്. നാലു കോഴ്സുകളിലേക്ക് ആവശ്യമായ കണിക്കൊന്ന,സൂര്യകാന്തി,ആമ്പൽ,നീലക്കുറിഞ്ഞി എന്നീ പാഠപുസ്തകങ്ങളും കൈപുസ്തകങ്ങളും തയ്യാറാക്കി വിതരണം ചെയ്യുകയും ചെയ്തു.<br>പുതിയ പാഠ്യപദ്ധതിപ്രകാരം ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിനായി അധ്യാപകർക്ക് പരിശീലനം നൽകി.ഇതിനോടനുബന്ധിച്ച് തുടർ പരിശീലനവും തത്സ്ഥല പിന്തുണാസംവിധാനങ്ങളും ക്ലസ്റ്റർ യോഗങ്ങളും സംഘടിപ്പിച്ചു വരുന്നു. ഗൗരവപൂർണമായ പഠനപ്രവർത്തനങ്ങൾക്ക് സഹായമാകും വിധത്തിൽ ഡൽഹിയിൽ ഒരു റഫറൻസ് ലൈബ്രറിയും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നിരന്തരം മൂല്യനിർണ്ണയം ഓൺലൈൻ വഴി നടത്തുന്നതിനായി ഒരു സംവിധാനം രൂപീകരിച്ച് മലയാളം മിഷൻ വെബ് സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പഠനകേന്ദ്രങ്ങളുടെ പഠനത്തിന് സഹായകമാകുംവിധത്തിൽ മലയാളം മിഷൻ തയ്യാറാക്കുന്ന വെബ് മാഗസിനുമായി ബന്ധപ്പെട്ട |

| | |
|---|---|
| | നടപടികൾ ഊർജ്ജിതമായി പുരോഗമിച്ചുവരുന്നു. മിഷൻ വാർത്തകൾ,പഠനപ്രവർത്തനങ്ങൾ,കുട്ടികളുടെ രചനകൾ,വിവിധ പംക്തികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വെബ് മാഗസിന്റെ ആദ്യലക്കം 2012 ഏപ്രിൽ മാസം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ